# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.7096 11.07.2014 -ലെ മറുപടിയ്ക്ക്

## പുതിയ കോളേജുകളുടെ കെട്ടിട നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സർക്കാർ സംസ്ഥാനത്ത് എത്ര പുതിയ കോളേജുകൾ തുടങ്ങുവാൻ അനുമതി നൽകിയിട്ടുണ്ടെന്നും കഴിഞ്ഞ വർഷവും ഈ വർഷവുമായി എവിടെയെല്ലാം കോളേജുകൾ പ്രവർത്തനം ആരംഭിച്ചുവെന്നും പറയാമോ; | (എ) | 1. താനൂർ<br>2. കൊടുവള്ളി<br>3. കൊണ്ടോട്ടി<br>4. മങ്കട<br>5. ബാലുശ്ശേരി<br>6. തൃത്താല<br>7. ചേലക്കര<br>8. കാട്ടാക്കട<br>9. തലശ്ശേരി<br>10. പയ്യന്നൂർ<br>11. നെയ്യാറ്റിൻകര<br>12. നാദാപുരം<br>13. കോങ്ങാട്<br><br>എന്നീ നിയോജകമണ്ഡലങ്ങളിൽ പുതിയ കോളേജുകൾ ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ഇവയിൽ വേങ്ങര മണ്ഡലത്തിൽ എയ്ഡഡ് കോളേജിനും മറ്റ് മണ്ഡലങ്ങളിൽ ഗവ. കോളേജിനുമാണ് അനുമതി നൽകിയിട്ടുള്ളത്.<br><br>താനൂർ ,കൊടുവള്ളി , കൊണ്ടോട്ടി , മങ്കട, ബാലുശ്ശേരി , തൃത്താല , ചേലക്കര എന്നീ കോളേജുകളിൽ 2013-14 അദ്ധ്യയന വർഷം ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ട്. ബാക്കി 6 കോളേജുകളിൽ ഈ അദ്ധ്യയന വർഷം ക്ലാസ്സുകൾ ആരംഭിക്കുന്നതാണ്. |
| (ബി) | ഏതെല്ലാം കോളേജുകൾക്ക് ഭൂമി ലഭ്യമാക്കിയിട്ടുണ്ടെന്ന് പറയാമോ; | (ബി) | ക്ലാസ്സുകൾ ആരംഭിച്ച കോളേജുകളുടെ ഭൂമി സർക്കാരിലേക്ക് കൈമാറുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| (സി) | എം.എൽ.എ. യുടെ പ്രാദേശിക വികസനഫണ്ടോ, മണ്ഡലം ആസ്തിവികസന | (സി) | പ്രസ്തുത കോളേജുകൾക്കാവശ്യമായ കെട്ടിടം എം.എൽ.എ. മാരുടെ ആസ്തിവികസന ഫണ്ടിൽ നിന്നും തുക |

| | | | |
|---|---|---|---|
| | ഫണ്ടോ വിനിയോഗിച്ച് ഭൂമി വാങ്ങിയിട്ടുള്ള കോളേജുകൾക്ക് കെട്ടിടം ഉൾപ്പെടെ അടിസ്ഥാനസൗകര്യങ്ങൾ നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | | ചെലവാക്കി നിർമ്മിക്കണമെന്ന് വ്യവസ്ഥയിലാണ് കോളേജുകൾ അനുവദിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**